**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 318** **07-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ടാണശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ എം.എൽ.എ. യുടെ 2017-18 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 30 ലക്ഷം അനുവദിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹണം നടത്തുന്ന കണ്ടാണശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ടാണശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റ പുതിയ കെട്ടിടനിർമ്മാണത്തിന്റെ കരാറുകാരൻ ശ്രീ.വിഷ്ണു യു.എസ്സ്. 11.12.2019-ന് ടി പ്രവൃത്തിയുടെ കരാറിൽ ഏർപ്പെട്ട് 75% നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുകയും എന്നാൽ തുടർന്നുള്ള പ്രവൃത്തികൾ നടത്തിയിട്ടില്ലാത്തതിനാൽ കരാറുകാരനെതിരെ പലതവണ നോട്ടീസ് നൽകിയിട്ടും മറുപടി ഇല്ലാത്തതിനാൽ ടിയാനെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കരാറുകാരൻ ശ്രീ.വിഷ്ണു യു.എസ്സ്. -നെ കരാറിൽ നിന്നും റദ്ദ് ചെയ്ത് ഉത്തരവിറക്കുകയും ടി പ്രവൃത്തിക്കായി കെട്ടിവെച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതിനായി ട്രഷറിയിലേക്കും ബാങ്കിലേക്കും കത്തുകൾ നൽകുകയും ടിയാനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | ടി പ്രവൃത്തിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിനായി പുതുക്കിയ ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ